REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 16-11-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ നൈജീരിയ- ബ്രസീൽ- ഗയാന സന്ദർശനം ഇന്നാരംഭിക്കും.
- ചൂരൽമല, മുണ്ടക്കൈ ദുരന്തത്തെ ചട്ടങ്ങൾ പാലിച്ച് മാത്രമേ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാനാകൂ എന്ന് കേന്ദ്രസഹ മന്ത്രി ജോർജ് കുര്യൻ.
- പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണം അവസാന ഘട്ടത്തിലേക്ക്.
- ഡൽഹിയിലും കൊച്ചിയിലും വൻ മയക്കുമരുന്ന് വേട്ട.
- ഇന്ന് വൃശ്ചികം ഒന്ന്- ശബരിമലയിൽ മണ്ഡല കാലത്തിന് തുടക്കമായി.
- ഇന്ത്യാ-ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ നൈജീരിയ- ബ്രസീൽ- ഗയാന സന്ദർശനം ഇന്നാരംഭിക്കും. നൈജീരിയൻ പ്രസിഡണ്ട് ബോലാ അഹമ്മദ് ടിനുബുവിന്റെ ക്ഷണപ്രകാരമാണ് അദ്ദേഹം രണ്ടു ദിവസം നൈജീരിയയിൽ സന്ദർശനം നടത്തുന്നത്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

......(വോയ്സ്)..........

17 വർഷത്തിനിടയിൽ ആദ്യമായാണ് ഇന്ത്യൻ പ്രധാനമന്ത്രി നൈജീരിയ സന്ദർശിക്കുന്നത്. ഇരുരാജ്യങ്ങൾക്കുമിടയിലെ തന്ത്രപരമായ പങ്കാളിത്തം ഇവരുടെ കൂടിക്കാഴ്ചയിൽ അവലോകനം ചെയ്യും. നൈജീരിയയിലെ ഇന്ത്യൻ സമൂഹത്തെ നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

തിങ്കളാഴ്ച ബ്രസീലിലെ റിയോ ഡി ജനീറയിലേക്ക് പോകുന്ന നരേന്ദ്രമോദി G-20 ഉച്ചകോടിയിൽ പങ്കെടുക്കും. പ്രസിഡണ്ട് ലൂയിസ് ഇനാഷ്യോ ലുലാ ഡാ സിൽവ യുമായും മറ്റു പ്രമുഖരുമായും കൂടിക്കാഴ്ച നടത്തും.

സന്ദർശനത്തിന്റെ മൂന്നാം പാദത്തിൽ ചൊവ്വാഴ്ച മുതൽ വ്യാഴാഴ്ച വരെ അദ്ദേഹം ഗയാനയിൽ ചെലവഴിക്കും. ഗയാന പ്രസിഡണ്ട് ഡോ. മുഹമ്മദ് ഇർഫാൻ അലി യെയും മറ്റു നേതാക്കളെയും കാണുന്ന നരേന്ദ്രമോദി ഗയാന പാർലമെന്റിനെയും അഭിസംബോധന ചെയ്യും. തുടർന്ന് ഗയാനയിലെ ജോർജ് ടൗണിൽ രണ്ടാമത് കാരിക്കോം ഇന്ത്യ ഉച്ചകോടിയിലും നരേന്ദ്രമോദി സംബന്ധിക്കും.

✪✪✪

വയനാട്ടിലെ ചൂരൽമല, മുണ്ടക്കൈ ദുരന്തത്തെ ചട്ടങ്ങൾ പാലിച്ച് മാത്രമേ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാനാകൂ എന്ന് കേന്ദ്രസഹ മന്ത്രി ജോർജ് കുര്യൻ അറിയിച്ചു. മറ്റു സംസ്ഥാനങ്ങളിലുണ്ടായ ഇതിലും വലിയ ദുരന്തങ്ങളെ പോലും ദേശീയ ദുരന്തമായി പ്രഖ്യാപിച്ചിട്ടില്ല. ലെവൽ ത്രീ ദുരന്തമായി പ്രഖ്യാപിക്കാനും ചട്ടങ്ങൾ പാലിക്കാനുണ്ടെന്ന് അദ്ദേഹം ഇടുക്കി കുമളിയിൽ വിശദീകരിച്ചു.

കേന്ദ്രം നൽകിയ 782 കോടി രൂപ ഇപ്പോൾ കേരളത്തിന്റെ കൈവശമുണ്ടെന്നും, ഈ തുക ഉപയോഗിക്കാനാണ് കേന്ദ്ര ഗവൺമെന്റും ഹൈക്കോടതിയും പറഞ്ഞത്. അർഹമായ സമയത്ത് കേന്ദ്രത്തിന്റെ പുനരധിവാസ പാക്കേജ് ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

മുനമ്പത്തെ ജനങ്ങൾക്ക് അവരുടെ സ്വത്തിൽ ഭരണഘടനാപരമായ അവകാശമുണ്ടെന്നും BJP യുടെയും കേന്ദ്രഗവൺമെന്റിന്റെയും അഭിപ്രായവും അതാണെന്നും അദ്ദേഹം വ്യക്തമാക്കി. മുനമ്പത്തെ ജനങ്ങളുടെ അവകാശം രാജ്യം ഭരിക്കുന്ന ഗവൺമെന്റ് സംരക്ഷിക്കുമെന്നും ജോർജ്ജ് കുര്യൻ പറഞ്ഞു.

✪✪✪

ചുരൽമല ഉരുൾ പൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിലും സാമ്പത്തിക സഹായം അനുവദിക്കുന്നതിലും കേന്ദ്ര ഗവൺമെന്റ് വൈമുഖ്യം കാണിക്കുകയാണെന്ന് ആരോപിച്ച് അടുത്ത ചൊവ്വാഴ്ച LDF ഉം UDF ഉം വെവ്വേറെ വയനാട് ഹർത്താലിന് ആഹ്വാനം ചെയ്തു.

ഇന്നലെ വൈകിട്ടാണ് ഇരുമുന്നണികളും ഹർത്താൽ പ്രഖ്യാപനം നടത്തിയത്. രാവിലെ ആറ് മുതൽ വൈകിട്ട് ആറു വരെയായിരിക്കും ഹർത്താലെന്ന് അവർ പറഞ്ഞു. പുനരധിവാസത്തിലെ കേന്ദ്ര നിലപാടിൽ പ്രതിഷേധിച്ച് ഇന്ന് LDF ജില്ലയിലെ നിയോജകമണ്ഡലം ആസ്ഥാനങ്ങളിൽ നൈറ്റ് മാർച്ചും സംഗമവും നടത്തും.

✪✪✪

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണം ആവേശത്തേരിൽ അവസാന ഘട്ട പ്രയാണത്തിലേക്ക്. മുന്നണികൾ മുഴുവൻ സന്നാഹങ്ങളുമായാണ് പ്രചാരണം കൊഴുപ്പിക്കുന്നത്.

പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്തിന്റെ റിപ്പോർട്ട്.

........വോയ്സ്........

✪✪✪

ഡൽഹിയിൽ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ 900 കോടി രൂപ വിലമതിക്കുന്ന കൊക്കെയ്ൻ പിടികൂടി. വിദേശം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സംഘത്തിലെ രണ്ട് പേരെ അറസ്റ്റ് ചെയ്തതായി ആഭ്യന്തര മന്ത്രാലയം അറിയിച്ചു. പിടിച്ചെടുത്ത കൊക്കെയ്നിന്റെ ഉറവിടം കണ്ടെത്തുന്നതിനും മയക്കുമരുന്ന് സംഘത്തിന്റെ ബന്ധങ്ങൾ കണ്ടെത്തുന്നതിനും അന്വേഷണം തുടരുകയാണ്.

കഴിഞ്ഞ ദിവസം, ഗുജറാത്ത് തീരത്ത് നർക്കോട്ടിക് കൺട്രോൾ ബ്യൂറോയും, നാവികസേനയും, ഗുജറാത്ത് പോലീസും സംയുക്ത പരിശോധനയിൽ 700 കിലോ നിരോധിത മെഥാംഫിറ്റമിനും പിടികൂടിയിരുന്നു.

മയക്കുമരുന്ന് വേട്ടയെ അഭിനന്ദിച്ച ആഭ്യന്തരമന്ത്രി അമിത്ഷാ ലഹരിവിമുക്ത ഭാരതമെന്ന ലക്ഷ്യത്തോടെ നരേന്ദ്രമോദി ഗവൺമെന്റ് മയക്കുമരുന്നിനെതിരായ പോരാട്ടം കൂടുതൽ ശക്തമാക്കുമെന്ന് അറിയിച്ചു.

✪✪✪

കൊച്ചി വിമാനത്താവളത്തിൽ ഏഴര കോടിയോളം രൂപ വില വരുന്ന 15 കിലോയോളം ഹൈബ്രിഡ് കഞ്ചാവുമായി മൂന്നു യാത്രക്കാർ കസ്റ്റംസ് പിടിയിലായി. തായ്‌ലൻഡിൽ നിന്നും എത്തിയ  മലപ്പുറം സ്വദേശി ജംഷീർ, എറണാകുളം സ്വദേശി നിസാമുദ്ദീൻ, കോഴിക്കോട് സ്വദേശി മുഹമ്മദ് സക്കീർ എന്നിവരാണ് പിടിയിലായത്. ബാഗിൽ വിദഗ്ധമായി ഒളിപ്പിച്ചാണ് ഇവർ കഞ്ചാവ് എത്തിച്ചത്.  കോടതിയിൽ ഹാജരാക്കിയ മൂന്നു പേരെയും റിമാൻഡ് ചെയ്തു.

✪✪✪

ഈ വർഷത്തെ ലോകായുക്ത ദിനാഘോഷം  വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ  നിയമസഭാ ബാങ്ക്വറ്റ് ഹാളിൽ ഉദ്ഘാടനം ചെയ്യും. ലോകയുക്ത ജസ്റ്റിസ് N അനിൽകുമാർ അദ്ധ്യക്ഷനാകുന്ന  ചടങ്ങിൽ മന്ത്രി P രാജീവ് വിശിഷ്ടാതിഥി ആയിരിക്കും. പ്രതിപക്ഷ നേതാവ് VD സതീശൻ മുഖ്യ പ്രഭാഷണം നടത്തും.  ദിനാഘോഷത്തോടനുബന്ധിച്ച് രാവിലെ നിയമ വിദ്യാർഥികൾക്കായി മൂട്ട്കോർട്ട് മത്സരം നടത്തും.

✪✪✪

ആലപ്പുഴയിലെ 56-ാമത് സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ മത്സരയിനങ്ങൾ ഇന്നാരംഭിയ്ക്കും. ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയൻ മേള  ഉദ്ഘാടനം ചെയ്തു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ അധ്യാപകരുടെ പ്രത്യേക ശ്രദ്ധ വേണമെന്ന്  മുഖ്യമന്ത്രി ആവശ്യപ്പെട്ടു. വാട്സാപ്പ് സന്ദേശങ്ങളായി അശാസ്ത്രീയത പ്രചരിപ്പിക്കുന്നവരിൽ അധ്യാപകരുമുണ്ടെന്നും, ശാസ്ത്രവിദ്യാഭ്യാസം മാർക്ക് നേടുന്നതിന്റെ കേവല ഉപാധി മാത്രമല്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

നഗരത്തിലെ അഞ്ചു സ്കൂളുകളിലായാണ് ശാസ്ത്രോത്സവം നടത്തുന്നത്. 180 ഇനങ്ങളിലായി അയ്യായിരത്തോളം വിദ്യാർത്ഥികൾ മേളയിൽ പങ്കെടുക്കും.

വിശദാംശങ്ങളുമായി ആകാശവാണി  ജില്ലാ പ്രതിനിധി R രവികുമാർ.

...........(വോയ്സ്).......................

✪✪✪

ഇന്ത്യാ-ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. നാല് മത്സര പരമ്പര 3–1നാണ് ഇന്ത്യ സ്വന്തമാക്കിയത്. ഇന്നലെ ജൊഹാനസ്ബർഗിലെ അവസാന മത്സരത്തിൽ ഇന്ത്യ 135 റൺസിന്റെ തകർപ്പൻ ജയം നേടി. 284 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ദക്ഷിണാഫ്രിക്ക 18.2 ഓവറിൽ 148 റൺസിന് പുറത്തായി. ഇന്ത്യയ്ക്കായി തിലക് വർമ 120 ഉം സഞ്ജു സാംസൺ 105 ഉം റൺസെടുത്തു. തിലക് വർമയാണ് കളിയിലേയും പരമ്പരയിലേയും താരം.

✪✪✪

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിൽ പങ്കെടുക്കുന്ന കേരള ടീമിനെ പ്രഖ്യാപിച്ചു. കേരള പോലീസ് താരം G.സഞ്ജുവാണ് ടീം ക്യാപ്റ്റൻ. ഫോഴ്സ കൊച്ചി ഗോൾ കിപ്പർ അജ്മൽ വൈസ് ക്യാപ്റ്റനും. ബിബി തോമസാണ് കോച്ച്.

നവംബർ 20 മുതൽ 24 വരെ കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് കേരളത്തിന്റെ മത്സരങ്ങൾ. നവംബർ 20 ന് ആദ്യ യോഗ്യതാ മത്സരത്തിൽ കേരളം റെയിൽവെയ്സനെ നേരിടും.

22-ന് രണ്ടാം മത്സരത്തിൽ ലക്ഷദ്വീപിനെ കേരളം നേരിടും. 24 ന് പോണ്ടിച്ചേരിയുമായാണ് അടുത്ത മത്സരം.

✪✪✪

ചാമ്പ്യൻസ് ബോട്ട് ലീഗ് സീസൺ ഉദ്ഘാടനമത്സരവും കോട്ടയം മത്സരവള്ളംകളിയും ഇന്ന് താഴത്തങ്ങാടിയിൽ മന്ത്രി P A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് ആരംഭിക്കുന്ന വള്ളം കളിയിലെ ജേതാക്കൾക്ക് വൈകിട്ട് ജില്ലാ പൊലീസ് മേധാവി A ഷാഹുൽ ഹമീദ് സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

മഹാത്മാഗാന്ധി ട്രോഫി ഉത്തരമലബാർ ജലോത്സവം നാളെ നടത്തും. വൈകീട്ട് ചെറുവത്തൂർ തുരുത്തി പാലത്തിന് സമീപം നിയമസഭ സ്പീക്കർ A.N ഷംസീർ ഉദ്ഘാടനം ചെയ്യും.

✪✪✪

**ഇന്ന് വൃശ്ചികം ഒന്ന്- ശബരിമലയിൽ മണ്ഡല കാലത്തിന് ഇന്ന് ആരംഭം. വൃശ്ചിക പുലരിയിൽ അയ്യപ്പ ദർശനത്തിന് പതിനായിരങ്ങൾ സന്നിധാനത്തെത്തും.**

**കൂടുതൽ ശബരിമല വിശേഷങ്ങളുമായി പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ.**

**........(വോയ്സ്)............**

✪✪✪

**വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ, ക്രിസ്തുരാജത്വ തിരുനാളിന് കൊടിയേറി. ഈ മാസം 24 വരെയാണ് തിരുനാൾ. KSRTC പ്രത്യേക സർവീസ് നടത്തും.**

✪✪✪